പ്രകാശവചനം

സി.എം റഫീഖ് കോക്കൂർ

# അസൂയപ്പെടേണ്ട കർമങ്ങൾ

عَنْ عَبدُ الله ابن مَسعُود رضى الله عَنه قَال: قَالَ النّبيُ ﷺ: لا حَسدَ إلاّ في اثْنَتَين رَجُلٌ آتاهُ الله مالاً فَسَلط عَلى هَلَكَته في الحقّ ورَجُلٌ آتَاه الله الحِكْمَة فَهُوَ يقضى بِهَا ويُعلّمُها

ഇബ്നു മസ്ഊദി(റ)ൽനിന്ന് നിവേദനം: നബി(സ) അരുളി: രണ്ട് കാര്യങ്ങളിലൊഴികെ അസൂയ പാടില്ല. അല്ലാഹു നൽകിയ ധനം സത്യമാർഗത്തിൽ ചെലവ് ചെയ്യാൻ നീക്കിവെച്ചവനോട്. രണ്ട്, അല്ലാഹു നൽകിയ വിദ്യ ഉപയോഗപ്പെടുത്തി മനുഷ്യർക്കിടയിൽ വിധി കൽപിക്കുകയും വിജ്ഞാനം പകർന്നു നൽകുകയും ചെയ്യുന്നവനോട് (ബുഖാരി).

അപരന് ലഭിച്ച അനുഗ്രഹത്തിൽ അമർഷം പൂണ്ട് അതെങ്ങനെയെങ്കിലും നശിച്ചുപോകട്ടെ എന്നാഗ്രഹിക്കുന്നതാണ് അസൂയ. തീ വിറകിനെ തിന്നുന്നതു പോലെ, അസൂയ സൽക്കർമങ്ങളെ നശിപ്പിക്കുമെന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. അസൂയാലു തന്റെ മനസ്സിലെ അസൂയാഗ്നി ശമിപ്പിക്കുന്നതിനു വേണ്ടി വാക്കാലോ പ്രവൃത്തിയാലോ മുതിരുമ്പോൾ, അവന്റെ ഉപദ്രവത്തിൽനിന്ന് അല്ലാഹുവിൽ അഭയം തേടണമെന്ന് ഖുർആൻ പഠിപ്പിക്കുന്നു (*അൽഫലഖ്* 5).

എന്നാൽ, ഈ പ്രവാചക വചനത്തിൽ പറയുന്ന അസൂയ അതല്ല. മറ്റുള്ളവർക്ക് വല്ല നേട്ടവും ലഭിച്ചതായി കാണുമ്പോൾ, തനിക്കും അപ്രകാരം ലഭിച്ചില്ലല്ലോ എന്ന ഖേദം തോന്നാമല്ലോ. അങ്ങനെ ഖേദം തോന്നുന്നുവെങ്കിൽ ഇവിടെ പറയുന്ന രണ്ട് കാര്യങ്ങളിലാണ് അതുണ്ടാകേണ്ടതെന്നാണ് നബി(സ) ഉണർത്തുന്നത്.

അതിലൊന്ന്, അല്ലാഹു നൽകി അനുഗ്രഹിച്ച ധനം സത്യമാർഗത്തിൽ ചെലവഴിക്കുക എന്നതാണ്. സമ്പന്നൻ സമ്പത്ത് നന്മയുടെ മാർഗത്തിൽ ഉദാരമായി ചെലവഴിക്കുന്നത് കാണുമ്പോൾ അത്രയൊന്നും സമ്പത്ത് ലഭിച്ചിട്ടില്ലാത്തവർ, തങ്ങൾക്കും അതുപോലെ ലഭിച്ചിരുന്നെങ്കിൽ സൽക്കാര്യങ്ങളിൽ ചെലവഴിച്ച് പടച്ചവന്റെ പ്രീതി നേടാമായിരുന്നല്ലോ എന്നാശിച്ചുപോകുന്നത് തെറ്റല്ല. ഈയൊരു മനോഭാവം തീർത്തും അനുവദനീയവും പ്രോത്സാഹജനകവുമാണ്.

അപ്രകാരം തന്നെയാണ് വിജ്ഞാനമാർജിച്ച പണ്ഡിതൻ ജനങ്ങൾക്ക് ഉപകാരപ്പെടുംവിധം അറിവ് പ്രകാശിപ്പിക്കുന്നത്. അത്രയൊന്നും അറിവ് നേടിയിട്ടില്ലാത്തവർ, തങ്ങൾക്കും അപ്രകാരം വിജ്ഞാനം നേടാനായെങ്കിൽ എന്നാശിക്കുന്നതും തെറ്റായ അസൂയയിൽ പെട്ടതല്ല. ജനങ്ങൾക്കുപകാരപ്പെടുംവിധം വിജ്ഞാനത്തെ പ്രയോജനപ്പെടുത്തി, നാഥന്റെ പൊരുത്തം നേടാമായിരുന്നല്ലോ എന്നാവണം ആ ആഗ്രഹത്തിന് പിന്നിലെ പ്രേരകം. അങ്ങനെ അറിവ് നേടാനായി പ്രയത്നിക്കുന്നതും ആദരവും പ്രോത്സാഹനവുമർഹിക്കുന്ന കർമമായി മാറുന്നു.

വിജ്ഞാനത്തെ ഇസ്‌ലാം ഏതെങ്കിലും മേഖലയിൽ പരിമിതപ്പെടുത്തിയിട്ടില്ല. ആത്മീയം, ഭൗതികം എന്നിങ്ങനെ തിരിച്ചിട്ടുമില്ല. ഉപകാരപ്പെടുന്ന എല്ലാ അറിവുകളും പരമാവധി സ്വായത്തമാക്കാനാണതാവശ്യപ്പെടുന്നത്. 'ചൈനയിൽ പോയിട്ടാണെങ്കിലും നിങ്ങൾ വിദ്യ അഭ്യസിക്കുക' എന്ന വിഖ്യാതമായ വചനമുൾപ്പടെ ഒട്ടനവധി മൊഴിമുത്തുകൾ നമുക്ക് ഇസ്‌ലാമിക പൈതൃകത്തിൽ കണ്ടെത്താവുന്നതാണ്.

സമഗ്രവും വൈവിധ്യപൂർണവുമായ വൈജ്ഞാനിക മേഖലയിൽ ഓരോരുത്തരും അവരവരുടെ സാധ്യതയും കഴിവും അഭിരുചിയുമനുസരിച്ച് പരമാവധി ആർജിച്ചെടുക്കാൻ മത്സരബുദ്ധിയോടെ ശ്രമിക്കേണ്ടതുണ്ട്. വിശ്വാസിയിൽനിന്ന് കളഞ്ഞുപോയ വസ്തുവാണ് വിജ്ഞാനമെന്നും അതെവിടെ കണ്ടാലും നേടിയെടുക്കാൻ ഏറ്റവുമർഹനാണവനെന്നും പ്രവാചകൻ പഠിപ്പിക്കുമ്പോൾ വിശേഷിച്ചും. ■